# കുട്ടിക്കൂട്ടങ്ങൾ

**പി.ആർ. കൃഷ്ണൻകുട്ടി, തൃക്കൈപ്പറ്റ.**

വയനാട്ടിലെ മുട്ടിലിനടുത്ത് മാണ്ടാട് പ്രവർത്തിച്ചു വരുന്ന ജോയിന്റ് വളണ്ടറി ആക്ഷൻ ഫോർ ലീഗൽ ആൾട്ടർനേറ്റീവ് (ജാല) മുന്നോട്ടു വച്ച ആശയമാണ് കുട്ടിക്കൂട്ടങ്ങൾ.

ചെന്നൈയിലെ ചൈൽഡ് റിലീഫ് ആൻഡ് യു. (സി.ആർ.വൈ) എന്ന സംഘടന ഈ ആശയത്തിന് പ്രാഥമിക സഹായവുമായി എത്തിയതോടെ ജാലയുടെ ഡയറക്ടർ ശ്രീ ബേബി പോളിന്റെ ആശയതലത്തിൽ നിലകൊണ്ടിരുന്ന ഈ കുട്ടിക്കൂട്ടങ്ങളുടെ പിറവിക്ക് പാതയൊരുങ്ങി.

വിദ്യാഭ്യാസ കാര്യങ്ങളിൽ ഇന്നും ആദിവാസി കുട്ടികൾ വളരെയേറെ പിറകിലാണ്. ഇവരെ അഭ്യസ്തവിദ്യരാക്കുന്നതിനായി കാലാകാലങ്ങളിലായി നമ്മുടെ സർക്കാരുകൾ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ അവയൊന്നും ലക്ഷ്യം കാണുന്നില്ല എന്ന തിരിച്ചറിവാണ് ജാലയെ ഈ വഴിയിലേക്കു നയിച്ചത്.

വിദ്യാലയങ്ങളിൽ പോകാതെ ചുറ്റിക്കറങ്ങുന്ന ഈ ആദിവാസിക്കുട്ടികൾ മുതിർന്നവരോടൊത്ത് തൊഴിലുകളിൽ പങ്കെടുക്കുവാൻ തുടങ്ങുകയും മുതിർന്നവരുടെ ശീലങ്ങളായ മദ്യപാനം, പുകവലി, സിനിമ, ലൈംഗികത എന്നിവയ്ക്ക് വശംവദരാകുകയും ചെയ്യുന്നു. മദ്യപാനം, പുകവലി, സിനിമ എന്നിവയ്ക്കായി പണം കൈയിലില്ലാതാകുമ്പോൾ ഈ ആവശ്യങ്ങൾക്കായി ചില്ലറ മോഷണങ്ങൾ, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ, ലൈംഗിക ചൂഷണം എന്നിവകളുടെ ഇരയായിത്തീരുന്നു.

ജീവിതത്തിന്റെ കഠിനതകളിൽ ബാല്യം മാത്രമല്ല യൗവനവും നഷ്ടപ്പെടുന്നവരാണ് ഈ കുട്ടികൾ. സ്വന്തം സ്വത്വത്തിലേക്ക് വളരുവാനുള്ള വ്യക്തമായ ദിശാബോധമില്ലായ്മയും കണ്ടും കേട്ടുമറിയുന്നവ വിധ്വംസക പ്രവർത്തനങ്ങളും ലൈംഗിക ചൂഷണങ്ങളുമാകയാലും അവിവാഹിത അമ്മമാരായും പിഴച്ച ജന്മങ്ങളായുമാണ് പെൺകുട്ടികൾ കൗമാരം പിന്നിടുന്നത്.

ഈ അവസ്ഥ മാറിവരണമെങ്കിൽ വ്യക്തമായ തിരിച്ചറിവ് ഇവർക്ക് ആവശ്യമാണ്. സ്വന്തം സംസ്കാരത്തിന്റെ മഹിമ തിരിച്ചറിയപ്പെടണം. ഇവരിലെ അറിവിന്റെ ഖനി വീണ്ടെടുക്കണം. തൊഴിലുകളുടെ മഹത്വവും പാവനത്വവും കാത്തുസൂക്ഷിക്കപ്പെടണം. ആത്മവിശ്വാസത്തിന്റെ, പരസ്പര സ്നേഹത്തിന്റെ കനവുകൾ പൂത്തുലയണം. അധിനിവേശ ശക്തികളേയും ലൈംഗിക ചൂഷണവും തിരിച്ചറിയണം. അതിനുള്ള ഇച്ഛാശക്തി ഈ ബാല്യത്തിന് കൈവരുത്തേണ്ടത് ആവശ്യമാണ്. അതിലേക്കുള്ള എളിയ പരിശ്രമമായാണ് ജാല ഈ കുട്ടിക്കൂട്ടങ്ങളെ മുന്നിൽ കാണുന്നത്.

രക്ഷിതാക്കൾ ജോലി തേടിപോകുന്നതോടെ വീടുകളിൽ അനാഥരാകുന്ന ഈ ബാലികാ ബാലന്മാർ വഴിതെറ്റാതിരിക്കാനും നേരും നെറിയും തിരിച്ചറിഞ്ഞ് കാര്യങ്ങൾ ഗ്രഹിക്കാനും സ്വന്തം സംസ്കാരം കണ്ടറിഞ്ഞ് മാന്യത വളർത്താനും സ്വന്തം ജീവിതം കെട്ടിപ്പടുക്കാനും ഇവരുടെ കുടുംബാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും അനുഗുണമല്ല. ഈ സാഹചര്യത്തിൽ ഇവർക്ക് താങ്ങായി, ശക്തിയായി ഇവരെ സഹായിക്കുന്നതിന് ഒരു ചേച്ചി അല്ലെങ്കിൽ ഒരു ചേട്ടൻ ഇവരോടൊത്തു വേണം എന്നാണ് ജാല മുന്നോട്ടു വയ്ക്കുന്ന ആശയം.



ഈ ചേട്ടൻ അല്ലെങ്കിൽ ചേച്ചി ഇവരിലെ നന്മകളെ കണ്ടെടുക്കുന്നവരാകണം. സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പാലത്തിലൂടെ കഥകളായി, പാട്ടുകളായി, കാര്യങ്ങളായി, ദൈന്യതകളായി മറുവഴികളായി പരസ്പരം തിരിച്ചറിവുണ്ടാക്കുന്നവരാകണം. ജാലയുടെ കുട്ടിക്കൂട്ടങ്ങളിൽ ലക്ഷ്യമിടുന്നതിതാണ്.

നടവയലിനടുത്ത് ചീങ്ങോട് ശ്രീ. കെ.ജെ. ബേബി നടത്തുന്ന 'കനവ്' എന്ന ഗുരുകുല വിദ്യാലയത്തിലെ 60-ലേറെ വരുന്ന ആദിവാസിക്കുട്ടികളുടെ അറിവും തന്റേടവും എന്തും നേരിടാനുള്ള പ്രാപ്തിയും മുഖ്യധാരയിൽ ശോഭിക്കാനുള്ള കരുത്തും നമ്മുടെ യാഥാസ്ഥിതിക വിദ്യാലയങ്ങളിൽനിന്നും പുറത്തിറങ്ങുന്ന കുട്ടികൾക്കില്ലായെന്ന വസ്തുത ഏവർക്കും സുപരിചിതമാണ്. ഈ തിരിച്ചറിവ് മനസിൽ സൂക്ഷിച്ചാണ് ജാല ഈ കർത്തവ്യമേറ്റെടുത്തിരിക്കുന്നത്.

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട അഞ്ചു പഞ്ചായത്തുകളിലായി അഞ്ചു കുട്ടിക്കൂട്ടങ്ങളാണ് ജാല ആരംഭിച്ചിട്ടുള്ളത്. കല്പറ്റ മുനിസിപ്പാലിറ്റിയിൽ സി.കെ. ദിനേശ്കുമാറാണ് 33 കുട്ടികളടങ്ങുന്ന കുട്ടിക്കൂട്ടത്തെ നയിക്കുന്നത്. മേപ്പാടി പഞ്ചായത്തിലെ 38 കുട്ടികളെ ശ്രീമതി കെ. പാർവതിയും തരിയോട് പഞ്ചായത്തിലെ 40 കുട്ടികളെ ശ്രീമതി ലില്ലി തോമസും വെങ്ങപ്പിള്ളി പഞ്ചായത്തിലെ 35 കുട്ടികളെ ശ്രീ സെബാസ്റ്റ്യൻ ദേവസ്യയും പടിഞ്ഞാറത്തറ പഞ്ചായത്തിലെ 35 കുട്ടികളെ ശ്രീമതി ഷേർളി ജോയും നയിക്കുന്നു.

സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്ന ആദിവാസി കുട്ടികളെ അക്ഷരാഭ്യാസം പഠിപ്പിക്കുക, വിധ്വംസക പ്രവർത്തനങ്ങളിൽപ്പെട്ടുപോകാതെ നല്ലവരാക്കി മാറ്റുക എന്നതാണ് ഈ കുട്ടിക്കൂട്ടങ്ങളിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. അഞ്ച് കുട്ടിക്കൂട്ടങ്ങളിലായി 100-ലേറെ ആദിവാസിക്കുട്ടികൾ ഈ പദ്ധതിയിൽ പങ്കെടുക്കുന്നു.

സന്നദ്ധ സംഘടനയായി രജിസ്റ്റർ ചെയ്തിട്ടുള്ള ജാല പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ആദിവാസികൾ പരിസ്ഥിതി മേഖലകളിലാണ്. സ്ത്രീകളുടെയും കുട്ടികളുടെയും വിഷയങ്ങളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്ന ജാലയുടെ വളണ്ടിയർമാർ മനുഷ്യാവകാശ- ബോധവത്കരണ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി ഭൂമിക്കും ആദിവാസി സ്വയംഭരണത്തിനുമായി നടന്നുകൊണ്ടിരിക്കുന്ന സമരങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിൽ ജാല പങ്കാളികളാണ്.

കുട്ടിക്കൂട്ടങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാനാഗ്രഹിക്കുന്നവരും സഹകരിക്കാനാഗ്രഹിക്കുന്നവരും ബന്ധപ്പെടുക.

(ഡയറക്ടർ, ജാല, മാണ്ടാട് പി.ഒ., കല്പറ്റ നോർത്ത്- 673 122, ഫോൺ: 0493-603574)